**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - തിരുവനന്തപുരം ജില്ലാ പഞ്ചായത്തിൽ 4850-7500 ശമ്പള സ്കെയിലിൽ ഒരു പാർട്ട് ടൈം ഓഫീസ് സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സഉ(സാധാ) നം.233/2016/തസ്വഭവ** **തീയതി, തിരുവനന്തപുരം, 21/01/2016**

---

പരാമർശം : 1 ) 25/11/2005 ലെ സ.ഉ(പി).501/05/ധന നമ്പർ ഉത്തരവ്.
2) 9/02/2010 ലെ സ.ഉ(പി).61/2010/ധന നമ്പർ ഉത്തരവ്.
3) തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 20/06/2011 ലെ ഇ 1/3597/10/റ്റി.ഡി.പി നമ്പർ കത്ത്.

## <u>ഉത്തരവ്</u>

**1851.17** ചതുരശ്ര മീറ്റർ ഓഫീസ് സ്വീപ്പിംഗ് ഏര്യ ഉള്ള തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് കാര്യാലയത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പറുടെ തസ്തിക സൃഷ്ടിക്കണമെന്നുള്ള ജില്ലാ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം 1 ലെ കത്ത് പ്രകാരം ജില്ലാ പഞ്ചായത്ത് സെക്രട്ടറി സർക്കാരിനോടഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. **1851.17** ചതുരശ്ര മീറ്റർ ഓഫീസ് സ്വീപ്പിംഗ് ഏര്യ ഉള്ള തിരുവനന്തപുരം ജില്ലാ പഞ്ചായത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക മാത്രമേ നിലവിലുള്ളൂ. പരാമർശം 1 ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ **900** ചതുരശ്രമീറ്ററിന് മുകളിൽ ഓഫീസ് സ്വീപ്പിംഗ് ഏര്യയുണ്ടെങ്കിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തികയ്ക്ക് കൂടി അർഹതയുണ്ട്. ആയതിനാൽ തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് കാര്യാലയത്തിൽ **4850-7500** ശമ്പള സ്കെയിലിൽ ഒരു പാർട്ട് ടൈം ഓഫീസ് സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത തസ്തികയിൽ എംപ്ലോയ്മെന്റ്

എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതിന് തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രത്നമ്മ. വി**
**ഗവ.ജോയിൻറ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്) തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (യു.ഒ നം.153 /ഡെവ. 1/15/ധന തീയതി 08/10/2015 പ്രകാരം).
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ